# ദൈനം ദിനാസൂത്രണം

| | | |
|---|---|---|
| ക്ലാസ് | : | **7, അടിസ്ഥാന പാഠാവലി** |
| പാഠം | : | ഒന്ന് |
| യൂണിറ്റ് | : | **ഗ്രാമശ്രീകൾ** |
| അധ്യാപികയുടെ പേര് | : | ഷൈജു പി കെ |
| വിദ്യാലയത്തിന്റെ പേര് | : | ജി എച്ച് എസ്സ് എസ്സ്,<br>മെഡിക്കൽ കോളേജ് ക്യാമ്പസ് |

| പ്രക്രിയ | പ്രതികരണം |
|---|---|
| **ശീർഷക വിശകലനം**<br>വിളഞ്ഞു നിൽക്കുന്ന വയലിന്റെ ചിത്രം/സ്ളൈഡ് പ്രദർശിപ്പിക്കുന്നു<br>കുട്ടികളോട്......<br>* കതിർ എന്നതിന് എന്തെല്ലാം അർത്ഥതലങ്ങളുണ്ട്?<br>* കതിർ ചൂടി നിൽക്കുന്ന ഇത്തരം നെൽവയലുകളുടെ ദൃശ്യങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടോ? എവിടെ വെച്ച്?<br>* ഇതൊക്കെ ആരാണ് നട്ടു നനച്ച് ഉണ്ടാക്കുന്നത്?<br>* നാട് നാടാകുന്നത് എപ്പോഴാണ് ?<br>കതിർ ചൂടി നിൽക്കുന്ന നമ്മുടെ നാടിന്റെ പെരുമകളെ നിലനിർത്തേണ്ടതും തലമുറകൾക്ക് കൈമാറേണ്ടതും ആരുടെ ഉത്തരവാദിത്തമാണ്<br>കുട്ടികൾ ചർച്ചചെയ്യുന്നു. അവരുടെ അവതരണം<br>**ചർച്ച ക്രോഡീകരിക്കുന്നു**<br>നടുന്നതാണ് നാട്. കാട് നാടാവുന്നത് നടുമ്പോഴാണ്. ഹരിത സമൃദ്ധമായ നമ്മുടെ കേരളത്തിൽ നാടിൻ പെരുമകളാൽ കതിർ ചൂടുവാൻ നമുക്ക് കഴിയണം. നാടിന്റെ കതിരാണ്, പ്രകാശമാണ് കൃഷി. സൂര്യരശ്മി ചിതറിത്തെറിക്കുന്നത് പോലെ പ്രകാശം പരത്തി, തലയാട്ടി നിൽക്കുന്ന നെൽക്കതിർ നാടിന്റെ പെരുമയാണ്.<br>**ജാലക പ്രവർത്തനം**<br>ചില ചോദ്യങ്ങൾ....... കുട്ടികൾ വിശകലനം ചെയ്യട്ടെ<br>* നിങ്ങളും വീട്ടിൽ കൃഷി ചെയ്യാറുണ്ടോ? ആരാണ് സഹായിക്കാറുള്ളത്?<br>* ക്ലാസിലും ഇതുപോലെ മിടുക്കരായ കുട്ടിക്കർഷകർ ഉണ്ടാകുമല്ലോ. ആരൊക്കെ?<br>* എന്തെല്ലാം കൃഷിയാണ് ചെയ്യാറുള്ളത്?<br>* നിങ്ങളുടെ നാട്ടിൽ കൃഷിയിടങ്ങളും, കൃഷിക്കാരുമുണ്ടോ?<br>* കൃഷി ചെയ്യുന്നതിലൂടെ നമുക്ക് ലഭിക്കുന്ന ഗുണങ്ങൾ/ദോഷങ്ങൾ എന്തെല്ലാം?<br>* പുസ്തകത്തിൽ നൽകിയിരിക്കുന്ന 'സാക്ഷ്യപത്രങ്ങൾ' നമുക്ക് നൽകുന്ന പ്രചോദനങ്ങൾ എന്തെല്ലാമാണ്? | |

Prepared By ഷൈജു പി. കെ

**<u>വിശദീകരിക്കാം</u>**

**വയലുകളിൽ സംസ്കാരത്തിന്റെ വിത്തുകൾ മുളച്ചുവളർന്നു : വിളഞ്ഞു, നമ്മൾ അത് കൊയ്യുന്നു.**

മേൽപ്പറഞ്ഞ വാചകങ്ങൾ ബോർഡിൽ എഴുതുന്നു.
* സമൂഹമുണ്ടായത് എങ്ങനെ?
* കൃഷി ഒരു സംസ്കാരമായി വളർന്നതെങ്ങനെ?
* കൃഷി ഒരു കലാസൃഷ്ടിയായി മാറുന്നതെങ്ങനെ?

**ചർച്ച... അവതരണം**

'ഗ്രാമശ്രീകൾ' എന്ന കവിതയിലേക്ക്
* ഗ്രൂപ്പിൽ ഈണം കണ്ടെത്തുന്നു
* ഗ്രൂപ്പിന്റെ അവതരണം
* മികച്ചവ കണ്ടെത്തുന്നു
* കവിതയുടെ ഓഡിയോ കേൾപ്പിക്കുന്നു

**കവിത വായിച്ച് ആശയം കണ്ടെത്താം**
* എന്താണ് വിശ്വ വിദ്യാലയം? ഇവിടുത്തെ പഠനം എങ്ങനെയുള്ളതാണ്?
* വിശ്വവിദ്യാലയം എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്താണ്
* ആരാണ് ഉണ്ണിക്കതിരോൻ?
* ഉണ്ണിക്കതിരോന്റെ പൊൻ നുകപ്പാടേറ്റ് വിണ്ണു ചുവക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
* പ്രഭാതത്തെ കവി വർണ്ണിക്കുന്നത് എങ്ങനെ?
* ഗ്രാമശ്രീകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
* ആരെയാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത്?
* ആ വിശേഷണം കർഷക സ്ത്രീകൾക്ക് യോജിക്കുന്നത് എന്തുകൊണ്ട്
* കർഷക സ്ത്രീകളെ ഗ്രാമശ്രീകൾ എന്ന് വിശേഷിപ്പിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?
* സുന്ദരാലേഖ്യം' എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത് എന്ത്?
* കേരളം എങ്ങനെയാണ് സുന്ദരാലേഖ്യം ആകുന്നത്?
* സുന്ദരാലേഖ്യം നീ കേരളമേ എന്ന് കവി പറയുന്നത് എന്തുകൊണ്ടാവാം

* ആശയം ചർച്ച ചെയ്യുന്നു
* ഗ്രൂപ്പ് തിരിച്ച് ചർച്ച
* ഗ്രൂപ്പിന്റെ അവതരണം
* സ്കോർ നൽകി വിലയിരുത്തൽ

Prepared By
ഷൈജു പി. കെ

| | |
|---|---|
| **<u>സൂചകങ്ങൾ</u>**<br><br>* ചർച്ചയിലെ പങ്കാളിത്തം<br>* യുക്തിപൂർണ്ണമായ വാദങ്ങൾ<br>* ആശയവ്യക്തതയോടെയുള്ള അവതരണം | |

Prepared By
ഷൈജു പി. കെ